ഇനി ഒരു ബില്ലുകൂടിയുണ്ട് നാളെ എല്ലാംകൂടി പറ്റണ്ടേ? ഇതിൽ രണ്ട് ഓപ്ഷനുണ്ട്. ഈ സെക്ഷനിൽ കുറെയധികം ബില്ലുകൾ ഉണ്ടായിരുന്നുവെന്നത് ശരിയാണ്. പക്ഷേ, ഏതാണ്ട് എല്ലാം ഫിനിഷിംഗ് സ്റ്റേജിലായി. ഇനി അത് വേറെ ഒരു സഭയിൽ വയ്ക്കുന്നത് മോശമാണ്. അതുകൊണ്ട് എന്റെ ഒരു അഭിപ്രായം നാളെ രണ്ട് മണിക്കുശേഷം നാല് മണിവരെ ഇരിക്കാൻ തയ്യാറാണെങ്കിൽ നമുക്ക് എല്ലാം തീർക്കാം എന്നുള്ളതാണ്. അല്ലെങ്കിൽ ചോദ്യോത്തരവും സബ്മിഷനും നിർത്താം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചോദ്യോത്തരം നിർത്താൻ പറ്റുകയില്ല. അത് പാടില്ല.

ശ്രീ. ബിനോയ് വിശ്വം: സർ, സബ്മിഷൻ പലതുമുണ്ട്. അത് ഇല്ലാതാകാൻ പാടില്ല. മണ്ഡലത്തിലെ പല കാര്യങ്ങളും പറയേണ്ടതുണ്ട്. സബ്മിഷൻ ഒഴിവാക്കാൻ പാടില്ല.

മി. സ്പീക്കർ: ഒരു കാര്യം ഞാൻ പറയാം. സബ്മിഷനെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിൽ ഏറ്റവും അധികം സബ്മിഷൻ തന്നയാളാണ് ഞാൻ. നാളെയാണെങ്കിൽ ചോദിച്ച എല്ലാവർക്കും കൊടുത്തിട്ടുമുണ്ട്. പക്ഷേ, പ്രശ്നം അതല്ല. ഇവിടെ അങ്ങനെ സമീപിക്കുമ്പോൾ നിങ്ങൾകൂടി സഹായിക്കാൻ തയ്യാറാകണം. അപ്പോൾ നാളെ ഉച്ചതിരിഞ്ഞ് ഇരിക്കാം എന്ന അടിസ്ഥാനത്തിൽ നമുക്ക് എഗ്രി ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബിൽ വേണമെങ്കിൽ ഇപ്പോൾത്തന്നെ എടുത്തുതീർക്കാം.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, യഥാർത്ഥത്തിൽ ഈ ബിൽ ഒരു സെന്റൻസേയുള്ളു. സത്യം പറഞ്ഞാൽ രണ്ട് മൂന്ന് ഗവൺമെന്റുകളിൽ കിടന്ന് വന്നിട്ടുള്ള ഒരു ഐറ്റമാണ്. രണ്ട് ഭാഗത്തുനിന്നുമുള്ള ആളുകൾ അംഗീകരിച്ച മാറ്റങ്ങൾ മാത്രമേയുള്ളു. ഇവിടെ ഒന്ന രണ്ടഭേദഗതികൾക്കെതിരും ഏറെക്കുറെ തുല്യമായ അഭേദഗതികളെ വന്നിട്ടുള്ളൂ. അതുകൊണ്ട് ഇത് വളരെവേഗം പാസ്സാക്കാവുന്ന ബില്ലാണ്. നമ്മൾ ഇരുന്നാൽ അത് വേഗം പാസ്സാക്കാൻ പറ്റും.

7.00 P.M.]

മി.സ്പീക്കർ: ഇതിൽ എനിക്ക് ഒരു അഭിപ്രായം പറയാനുള്ളത് നമ്മൾ സദുദ്ദേശത്തോടെ ഇന്ന് ഒരു പരിപാടി വച്ചു. നമ്മൾ സഹകരിച്ചാൽ വലിയ താമസം കൂടാതെ നടത്താം. അല്ലെങ്കിൽ അവരെ അപമാനിക്കുന്ന രീതിയിൽ ആവും. അതുകൊണ്ട് പ്ലീസ് കോ-ഓപ്പറേറ്റ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്). ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. നാണു: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇന്ന് വളരെ ധൃതിയുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ പറയുന്നത് കേട്ട് അതിനോട് പൊരുത്തപ്പെടുന്നത്. വളരെ ഗൗരവമായ പ്രശ്നമാണ്. കേരളം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ പല കാര്യങ്ങളിലും മുമ്പിലാണെങ്കിലും ശുദ്ധമായ കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏറ്റവും പുറകിലാണ് എന്നാണ് നാഷണൽ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ടിൽ വ്യക്തമായി പറയുന്നത്. അതുപോലെ ഈ ആഴ്ചത്തെ ഇൻഡ്യ ടുഡേയിൽ ശുദ്ധമായ കുടിവെള്ളം, അഴുക്കുചാൽ ഇവയെക്കുറിച്ച് ഒരു റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ടിലും കേരളം 12-ാമത്തെ സ്ഥാനത്താണ്. ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമായി കാണേണ്ടതാണ്. അതുപോലെ വളരെ ദയനീയമായ ഒരു വാർത്ത നമ്മൾ വായിച്ചു, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എ. ചന്ദ്രൻ തന്നെ പറഞ്ഞു, പാലക്കാട് ജില്ലയിൽ എല്ലാ ഭാഗത്തും വെള്ളപ്പൊക്കമുണ്ട്. പക്ഷേ, പ്ലാച്ചിമടയിലുള്ള ജനങ്ങൾക്ക് കുടിക്കാൻ വെള്ളത്തിനുവേണ്ടി തഹസീൽദാരുടെയും ഗവൺമെന്റിന്റെയും പിന്നാലെ നിവേദനവുമായി ഓടിപ്പോകുന്ന ഒരു അവസ്ഥയാണുള്ളത് എന്ന്. ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം സംസ്ഥാനത്ത് ഭൂജലത്തിന്റെ അളവ് കുറഞ്ഞുവരികയാണ്. ഭൂജലം റീ-ചാർജ്ജ് ചെയ്യുന്ന അവസരത്തിൽ പഴയ കാലത്തെപ്പോലെ വളരെ പെർഫെക്ടായ ഭൂജലത്തിനു പകരം കൊക്കകോള, പെപ്സി തുടങ്ങിയ കമ്പനികളുടെ പ്രവർത്തനംമൂലം ജലം മലിനമാവുകയാണ് എന്നുള്ള പഠനങ്ങളാണ് സയന്റിസ്റ്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ജലസേചന വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഒരു കോടി അഞ്ച് കോടിയാക്കി വർദ്ധിപ്പിക്കാനാണ് പറയുന്നത്. കോട്ടയം മെഡിക്കൽകോളേജിൽ രോഗികൾ മരണമടയുന്നതിന് പറഞ്ഞ കാരണം എന്താണ്? കുടിവെള്ളത്തിന്റെയും മലിനജലത്തിന്റെയും പൈപ്പുകൾ തമ്മിൽ ജോയിന്റായി പോയതുകൊണ്ടാണ് എന്നാണ്. അത് കറക്ടാണ്; ഞാൻ സമ്മതിക്കുന്നു. പക്ഷേ, വ്യാപകമായി കുടിവെള്ള പൈപ്പുകൾ പൊട്ടുക, മലിനജലം അതിലേക്ക് വരിക എന്നുള്ളതിന്റെ ഫലമായി ഇവിടെ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട സാംക്രമിക രോഗങ്ങൾ തിരിച്ചുവരുന്നു. മഞ്ഞപ്പിത്തം വരുന്നു. എന്താണ് കാരണം? ശുദ്ധമായ കുടിവെള്ളം ഇല്ല. ദീർഘപരിചയമുള്ള ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന മന്ത്രിയെ വിലയിരുത്തുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കാലത്താണ് ഈ മാരകരോഗങ്ങൾ ശുദ്ധജലത്തിന്റെ അപാകത കൊണ്ട് തിരിച്ചുവന്നിരിക്കുന്നതെന്ന് കരുതും. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കുടിവെള്ളത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റ് ഫണ്ട് അനുവദിക്കുന്നുണ്ട്. അത് വേറെ ഒരിടത്തും കൊടുക്കരുത്. കേരളത്തിലെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പറ്റുന്ന വിധത്തിൽ ബഹുമാനപ്പെട്ട മന്ത്രി അത് ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: എന്റെ ഡിസന്റ് ഞാൻ അവതരിപ്പിക്കുകയാണ്. പ്ലാച്ചിമടയിൽ കൊക്കകോള ഫാക്ടറിയിൽ സബ്ജക്ട് കമ്മിറ്റി തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു. അന്ന് ബഹുമാനപ്പെട്ട മന്ത്രി കമ്മിറ്റി മെമ്പറായിരുന്നു. ശ്രീ. കെ.സി. വേണുഗോപാൽ അന്ന് കമ്മിറ്റി മെമ്പറായിരുന്നു. ശ്രീ. രാമചന്ദ്രൻ മാസ്റ്റർ കമ്മിറ്റി മെമ്പറായിരുന്നു. ഞങ്ങളെല്ലാവരും കൂടി തീരുമാനിച്ച് അത് പരിശോധിക്കാൻ ഡേറ്റിട്ട് അവിടെപ്പോയി ആദ്യത്തെ പരിശോധന നടന്നു. രണ്ടാമത് തെളിവെടുപ്പ് വച്ചു. 3500 ആളുകളെ കൊക്കകോള കമ്പനി കൊണ്ടിറക്കി. കുറേ പ്രശ്നങ്ങളായി. അന്ന് നമ്മൾ തീരുമാനിച്ചു പാലക്കാട് പോയി തെളിവെടുപ്പ് നടത്തി പാവപ്പെട്ടവരുടെ അഭിപ്രായങ്ങൾ കേൾക്കണമെന്ന്. മണ്ടുവർഷമായി തെളിവെടുപ്പ് എന്തുകൊണ്ടാ നീണ്ടുപോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എത്രയും വേഗത്തിൽ തെളിവെടുപ്പ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണം.

ശ്രീ. രാജു എബ്രഹാം: സർ, എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ശ്രീ. കെ. പി. രാജേന്ദ്രൻ ഉന്നയിച്ച കൊക്കകോളയുടെ പ്രശ്നം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. സബ്ജക്ട് കമ്മിറ്റി III-നെ ജനങ്ങൾ അവിശ്വസിക്കുന്ന സാഹചര്യം കേരളത്തിൽ ഉളവായിരിക്കുന്നു. അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം 2020 ആകുമ്പോൾ ജല ദൗർലഭ്യവും 2050 ആകുമ്പോൾ ഒട്ടും ജലം ഇല്ലാത്ത അവസ്ഥയും ഉണ്ടാകും. വിശദമായ പ്ലാനിംഗ് ഉണ്ടാകണം. പുതിയ പദ്ധതികൾ നമുക്ക് ആരംഭിക്കണം. നാല് കോടി തീർത്ഥാടകർ വരുന്ന ശബരിമല ഇടത്താവളങ്ങളിൽ ഒരു പദ്ധതിപോലും ബഹുമാനപ്പെട്ട മന്ത്രി അനുവദിച്ച് പണം തന്നിട്ടില്ല. അങ്ങനെയുള്ള സാഹചര്യം ഒഴിവാക്കാൻ കേരളത്തെ ആകെ കണ്ടുകൊണ്ട് വലിയ പ്ലാനിംഗ് ഉണ്ടാകണമെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇതിൽ ഒരു കോടി എന്നുള്ളത് അഞ്ച് കോടിയായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ അതല്ല വിഷയം. വാട്ടർ അതോറിറ്റിക്ക് യഥാർത്ഥത്തിൽ ഗവൺമെന്റ് പണം കൊടുക്കുന്നുണ്ട്. എല്ലാ വർക്കുകളും സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇതിന്റെ ഭാഗമായി ഒട്ടനവധി പ്രശ്നങ്ങൾ ഈ രംഗത്ത് കടന്നുവരികയാണ്. അതുകൊണ്ട് സമയബന്ധിതമായി ഇതിന്റെ എസ്റ്റിമേറ്റ് അനുസരിച്ച് പൂർത്തീകരിക്കാൻ കഴിയുന്നില്ല. കൂടുതൽ കൂടുതൽ ബാധ്യതകൾ ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരികയാണ്. ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്ത അവസ്ഥ വരികയാണ്. അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാന്യനായ മന്ത്രി പറഞ്ഞു, രണ്ട് മന്ത്രിമാരുടെ കാലത്ത് പ്രൊപ്പോസൽ വന്നിട്ട് പാസ്സാക്കാൻ പറ്റാത്ത ഒരു പദ്ധതിയാണ് ഇതെന്ന്. അതനുസരിച്ച് ഒരു മാറ്റം ഉണ്ടാകണ്ടേ? ഒരു കോടി രൂപ അഞ്ച് കോടി രൂപയാക്കണം. രണ്ട് മന്ത്രിസഭ മുമ്പ് ഉണ്ടാക്കിയ ഭേദഗതി കാലം മാറുന്നതനുസരിച്ച് മാറണ്ടേ? അഞ്ച് കോടി രൂപ പോരാ എന്നുള്ളതാണ് എന്റെ അഭിപ്രായം. വാട്ടർ അതോറിറ്റിയുടെ സ്ഥിതിയെന്താണ്? ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറഞ്ഞിട്ടുണ്ട് ഇന്ന് പദ്ധതികളൊക്കെ മുടങ്ങിയിരിക്കുന്നു. പണം ഇല്ലാത്തതുകൊണ്ട് പ്രത്യേകിച്ച് എൽ.ഐ.സി. സഹായത്തോടുകൂടി ഏറ്റെടുത്ത മുഴുവൻ പദ്ധതികളും മുടങ്ങിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രമല്ല അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന അംഗങ്ങളുടെ മണ്ഡലങ്ങളിൽ മുടങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയെ കുറേക്കൂടി ചലിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനാവശ്യമായ പണം കണ്ടെത്തുന്ന കാര്യത്തെക്കുറിച്ച് ബഹുമാന്യനായ മന്ത്രി ആലോചിക്കണം. ഏറ്റവും അവശ്യ മേഖല എന്നുള്ളനിലയിൽ തീർച്ചയായും മന്ത്രി മറുപടി പറയുമ്പോൾ എങ്ങനെ പണം കണ്ടെത്തി കുടിവെള്ള പദ്ധതി മുടക്കം കൂടാതെ മുമ്പോട്ട് കൊണ്ടുപോകാൻ സാധിക്കും എന്നുള്ള കാര്യം കൂടി പറയണം.

ശ്രീ. എൻ. രാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വളരെ ചെറിയ ഭേദഗതിയെന്നാണ് മന്ത്രി പറഞ്ഞത്. കേരള ജലഅതോറിറ്റി പദ്ധതികൾ സമയപരിധിക്കുള്ളിൽ നടപ്പാക്കേണ്ടതായതുകൊണ്ട് അതിന് ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. സമയ പരിധി അനുസരിച്ച് നമ്മുടെ പ്രവർത്തനങ്ങളൊന്നും തീരുന്നില്ല. അതുകൊണ്ട് ഒരു കോടി രൂപ എന്നുള്ളത് 5 കോടി രൂപ ആക്കണമെന്നുള്ളതാണ് മന്ത്രിയുടെ ഭേദഗതി. വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് നമുക്ക് നിരവധി പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ പങ്കാളിത്തത്തോടെ തുടങ്ങിയ പലപദ്ധതികളും ഇന്ന് നിശ്ചലമായി കിടക്കുകയാണ്. ഇതിനെയൊന്നും സഹായിക്കാൻ കഴിയുന്നില്ല. ഒരു കോടി രൂപ അഞ്ച് കോടി രൂപ ആക്കണമെന്നുള്ള ഒരു ഭേദഗതി വന്നിരിക്കുകയാണ്. അതിനെ അംഗീകരിക്കുകയാണ്. " കൂടണമെന്ന് തന്നെയാണ് നമ്മൾ ആവശ്യപ്പെടുന്നത്. നമ്മുടെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* പ്ലാച്ചിമടയിൽ സബ്ജക്ട് കമ്മിറ്റി പോകാൻ ഡേറ്റ് തീരുമാനിച്ചതാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഡേറ്റ് മാറ്റിവയ്ക്കണമെന്ന് റിക്വസ്റ്റ് ചെയ്തതുകൊണ്ടാണ് അന്ന് പോകാത്തത്. നമുക്ക് വേണമെങ്കിൽ പോകാം. ഒരു ഡേറ്റ് ഫിക്സ് ചെയ്ത് അവിടെ പോകാം. ശ്രീ. ജോണി നെല്ലൂർ പറഞ്ഞതുപോലെ ഞാൻ മന്ത്രിയായിട്ട് കുറുങ്ങിയ കാലം ആയതേയുള്ളൂ. ഇതിനുമുൻപ് എത്രയോ പ്രഗൽഭൻമാർ ഉണ്ടായിരുന്നു. എന്നാലും 73 നിയോജകമണ്ഡലങ്ങളിൽ സെപ്പറേറ്റായി യോഗങ്ങൾ വിളിച്ചുചേർത്ത് അവലോകനം നടത്തി ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. കുറേ കാര്യങ്ങളൊക്കെ മുന്നോട്ട് നീങ്ങുന്നുണ്ട്. എൽ.ഐ.സി. സ്കീമിനെക്കുറിച്ച് പറയുമ്പോൾ ആ സ്കീമിനുതന്നെ പ്രശ്നമുണ്ട്. 40% ഫണ്ട് മാത്രമേ എൽ.ഐ.സി. തരുന്നുള്ളൂ. അവശേഷിക്കുന്ന 60% ഫണ്ട് വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽനിന്ന് എടുക്കണം. അത് എടുക്കാൻ കഴിയുന്നതുപോലുള്ള സാമ്പത്തികശേഷി വാട്ടർ അതോറിറ്റിക്ക് ഇല്ല. അതാണ് പ്രധാനപ്പെട്ട പ്രശ്നം. അതല്ലെങ്കിൽ സ്വയം പണം ഉണ്ടാക്കാനുള്ള അനുമതി വേണം. ഇന്നത്തെ സാഹചര്യത്തിൽ വെള്ളത്തിന് വില കൂട്ടാൻ കഴിയില്ല. വേറെ ഫണ്ട് വരുന്നില്ല. അതേ സമയം 40% മാത്രമേ തരികയുള്ളൂ. സമയബന്ധിതമായി തീർക്കണമെന്ന് പറഞ്ഞു. തീർക്കാൻവേണ്ടി ശ്രമിക്കുകയാണ്. നേരത്തെ പറഞ്ഞ അഞ്ച് കോടി രൂപ എന്നുള്ള തീരുമാനം എടുത്തത് ശ്രീ. വി. പി. രാമകൃഷ്ണപിള്ള ജലസേചന വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. ഇതിന്റെ ആദ്യത്തെ ഫയലിൽ 5 കോടിയെന്ന് പറഞ്ഞ് ആദ്യം ഒപ്പിടുന്നത് അദ്ദേഹമാണ്. അതിനുശേഷം ശ്രീ. ടി. എം. ജേക്കബ് 5 കോടി രൂപ എന്ന് പറഞ്ഞു. അതുകൊണ്ട് അത് എല്ലാപേരും ഒരുപോലെ അക്സപ്റ്റ് ചെയ്യുന്നതാണ്. അതുകൊണ്ട് ഇതിന്റെ ലിമിറ്റ് വർദ്ധിക്കണമെന്നുള്ള കാര്യം മാത്രമേ ഈ ബില്ലിലുള്ളൂ.

മി. സ്പീക്കർ: ശ്രീ. എൻ. രാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. രാജൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. നാണു അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(84) In the proviso to Section 15(2) (ii) of the principal Act proposed to be amended by clause 2(a), for the words "rupees five crores" substitute the words "rupees one and a half crores".

(103) In the proviso to Section 15(2) (iv) of the principal Act proposed to be amended by clause 2(b), for the words "rupees five crores" substitute the words "rupees one and half crores".

(121) Add the following as new proviso to Section 15(2) (iv) of the principal Act:

"provided further that no revision of tariff and charges shall be made unless the contractor has completed ninety per cent of the work".

ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(86) In the proviso to Section 15(2) (ii) of the principal Act proposed to be amended by clause 2(a), the word "Five" shall be substituted by the words "two and a half".

(106) In the proviso to Section 15(2) (iv) of the principal Act proposed to be amended by clause 2(b), the word "Five" shall be substituted by the words "two and half".

(123) A new clause as "clause 3" shall be included as follows:-

"3. Whatever works the Water Authority may undertake by virtue of any contract or agreement shall be executed within the stipulated period. Any failure on the part of the contractor shall be dealt with by imposing a fine on him. In case the failure on the part of any officer be or she shall be dealt with by departmental disciplinary action against him or her"

GPM.2/610/2012—37

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(95) In section 15(2)(ii) of the principal Act proposed to be amended by clause 2(a) for the words "Five crores" the words "Four crores" shall be substituted.

(115) In the proviso to Section 15(2)(iv) of the principal Act proposed to be amended by clause 2(b) for the words "Five crores" the words "Four crores" shall be substituted.

ശ്രീ. എം വി. ജയരാജൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(102) Add the following as a new proviso to section 15(2) (ii) of the principal Act:

"Provided that, the completion of the work shall be done within the stipulated time as fixed by the Authority and the concerned Local Bodies, before entering into the contract or agreement."

ശ്രീ. കെ. പി. മോഹനൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(122) Add the following as a new proviso to section 15(2) (iv) of the principal Act:

"Provided further that the schemes for Water supply and sewerage shall be completed within the stipulated time as provided in the contract."

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 84, 103, 121 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 86, 106, 123 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 95, 115 എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജയരാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(81) In clause 1(2) for the words "at once" the words "within three months" shall be substituted.

ശ്രീ. കെ. പി. മോഹനൻ: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(82) Sub clause 2 of clause 1 shall be recast as follows:

"(2) It shall come into force on such date as the Government may by notification in the Gazette appoint".

ശ്രീ. എം. എ. വാഹീദ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(83) Recast clause 1(2) as follows:

"(2) It shall come into force on the 9th day of August 2005."

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 81-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 83-ാം നസർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്):* സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2002-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2005 ആഗസ്റ്റ് മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.20-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly